**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2905** **24-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കഷ്ടത അനുഭവിക്കുന്ന ഒരു ജനവിഭാഗമെന്ന നിലയിൽ മത്സ്യത്തൊഴിലാളികൾക്ക് വളരെ ആശ്വാസമായ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളി, വാണിജ്യാവശ്യങ്ങൾക്കോ ആഡംബരത്തിനോ വേണ്ടി എടുത്തിട്ടുള്ള വായ്പകൾ ഒഴികെ തന്റെ വരുമാന വർദ്ധനവിനായി 31/12/2008 വരെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകൾക്ക് ലഭിക്കുന്ന കടാശ്വാസ അപേക്ഷകൾ പരിശോധിച്ച് കടാശ്വാസത്തിന് അർഹത കണ്ടെത്തുന്ന വായ്പകൾ സംബന്ധിച്ച വിശദാംശങ്ങൾ അർഹത പട്ടികകളായി സർക്കാരിലേക്ക് ശിപാർശ ചെയ്യുകയാണ് നിലവിൽ കമ്മീഷൻ ചെയ്തു വരുന്നത്. ഫിഷറീസ് വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്തമായ ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്ന് കടാശ്വാസം അനുവദിക്കുന്നു. 31/12/2007 വരെ മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകൾക്ക് മുതലിനത്തിൽ പരമാവധി 75,000/-രൂപയും ആനുപാതികമായ പലിശയും 01/01/2008 മുതൽ 31/12/2008 വരെ മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകൾക്ക് മുതലിനത്തിൽ പരമാവധി 1,00,000/-രൂപയും ആനുപാതികമായ പലിശയും കടാശ്വാസമായി അനുവദിച്ച് വരുന്നു. കടാശ്വാസ കമ്മീഷൻ സ്ഥാപിതമായത് മുതൽ നാളിതുവരെ 1 മുതൽ 65 വരെ അർഹതപ്പട്ടികകളിലായി 73948 പേർക്ക് കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്.<br><br>കടാശ്വാസത്തിന് അർഹത കണ്ടെത്തിയതിന് ശേഷം മൊറട്ടോറിയം ലഭ്യമാക്കുന്നതിന് വന്ന കാലതാമസത്തിനിടയ്ക്ക് ബാങ്കിന്റെ നിർബന്ധത്തിന് വഴങ്ങി കടിശ്ശിക അടച്ച് വായ്പ തീർപ്പാക്കിയിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് ടി തുക തിരികെ നൽകാൻ 1 മുതൽ 10 വരെ റീഫണ്ട് പട്ടികകൾ തയ്യാറാക്കി 210 |

| | | | |
|---|---|---|---|
| | | | പേർക്ക് റീഫണ്ടിന് കമ്മീഷൻ ശിപാർശ ചെയ്യുകയും, ടി പട്ടികകളിൽ തുക അനുവദിച്ചും വരുന്നു.<br><br>വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകളിന്മേൽ എടുത്തിട്ടുള്ളതും തുടർന്നു വരുന്നതുമായ ജപ്തി-റിക്കവറി നടപടികൾക്ക് 02/11/2007 മുതൽ 6 മാസത്തേയ്ക്ക് സർക്കാർ മോറട്ടോറിയം പ്രഖ്യാപിക്കുകയും ടി മോറട്ടോറിയം കാലാവധി 30/06/2022 വരെ സർക്കാർ ഉത്തരവുകൾ പ്രകാരം ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ദുരന്തബാധിത പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ വായ്പകൾ പുനഃക്രമീകരിക്കുന്നതിനും കടങ്ങൾ ഗഡുക്കളായി വീട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ 2025 വരെയുള്ള വിവിധ കടാശ്വാസ അപേക്ഷകൾ സ്വീകരിച്ച് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിലവിൽ 31/12/2008 വരെ എടുത്ത വായ്പകളിൻമേൽ ആണ് കടാശ്വാസം അനുവദിച്ചുവരുന്നത്. കമ്മീഷൻ സ്ഥാപിതമായതുമുതൽ നാളിതുവരെ ആകെ 322.5243 കോടി രൂപ കടാശ്വാസമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ